# വേണുഗോപാലിൻെറ കുടുംബത്തിന് ഒരുമയുടെ സഹായധനം

കുവൈത്ത് സിറ്റി: ഒരുമ കുവൈത്തിൽ അംഗമായിരിക്കെ മരണപ്പെട്ട കണ്ണൂർ ജില്ലയിലെ മുണ്ടയാട് എളയാവൂർ സ്വദേശി ചോളോറക്കണ്ടി വേണുഗോപാലിൻെറ കുടുംബത്തിന് ഒരുമയുടെ സഹായധനം കൈമാറി. ഫർവാനിയയിൽ തയ്യൽ പണി ചെയ്തുവരികയായിരുന്ന വേണുഗോപാൽ നാട്ടിൽ വെച്ചാണ് മരണപ്പെട്ടത്. കെ.ഐ.ജി എക്സിക്യൂട്ടീവ് അംഗം എസ്.എ.പി. അൻവർ, വി.എൻ. ഹാരിസ്, പി.പി. അബ്ദുസ്സമദ് എന്നിവർ വേണുഗോപാലിൻെറ വീട് സന്ദർശിച്ച് രണ്ട് ലക്ഷം രൂപയുടെ ഡ്രാഫ്റ്റ് അദ്ദേഹത്തിൻെറ കുടുംബത്തിന് കൈമാറുകയായിരുന്നു.

കെ.ഐ.ജിയുടെ കീഴിൽ കുവൈത്ത് മലയാളികൾക്കായി ആരംഭിച്ച സാമൂഹ്യക്ഷേമ പദ്ധതിയായ ഒരുമയിൽ ജാതി, മത, സംഘടനാ വ്യത്യാസങ്ങൾക്കതീതമായി 21 വയസ്സ് പൂർത്തിയായ കുവൈത്തിൽ സ്ഥിരതാമസക്കാരനായ ഏതൊരു പ്രവാസി മലയാളിക്കും അംഗമാവാകുന്നതാണ്. അര ദീനാർ രജിസ്ട്രേഷൻ ഫീസും ഒരു ദീനാർ വാർഷിക വരിസംഖ്യയും കൊടുത്തു അംഗമാവുന്നവർ മരണപ്പെട്ടാൽ രണ്ട് ലക്ഷം രൂപ അവർ നിർദേശിക്കുന്ന വ്യക്തിക്ക് സഹായധനമായി നൽകും. കൂടുതൽ വിവരങ്ങൾക്ക് 99893650 എന്ന നമ്പറിൽ ബന്ധപ്പെടുകയോ www.orumakuwait.com എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്. 2013 കാലയളവിലേക്കുള്ള അംഗത്വം പുതുക്കാത്തവർ ഡിസംബർ 31ന് മുമ്പായി ഒരു ദീനാർ വാർഷിക വരിസംഖ്യ നൽകി അംഗത്വം പുതുക്കേണ്ടതാണെന്ന് ഭാരവാഹികൾ അറിയിച്ചു.

8/12/12